# പയ്യാവൂർ പ്രവാസി കൂട്ടായ്മ -ഗ്ലോബൽ

# PAYYAVOOR PRAVASI KOOTTAIMA-GLOBAL

# (PPK- GLOBAL)

# നിയമാവലി



# നിയമാവലി

പയ്യാവൂർ പ്രവാസി കൂട്ടായ്മ ഗ്ലോബൽ എന്ന സൗഹൃദ സംഘടനയുടെ സുഗമമായ പ്രവർത്തനത്തിനും വളർച്ചയ്ക്കും അംഗങ്ങളുടെ കൂട്ടായ്മയ്ക്കും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഈ നിയമാവലി തയ്യാറാക്കിയിട്ടുള്ളതാകുന്നു. സംഘടനയും അതിലെ അംഗങ്ങളും ഈ നിയമാവലിയും അതിലെ വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിച്ച് അവയ്ക്ക് വിധേയമായി പ്രവർത്തിക്കേണ്ടതാകുന്നു.

**1) ആമുഖം:**

പയ്യാവൂർ പഞ്ചായത്തിലും അതിന്റെ പരിസരപ്രദേശങ്ങളിലും ജനിച്ചു വളർന്ന് പിന്നീട് കേരളത്തിന് വെളിയിലും ലോകത്തിന്റെ പല രാജ്യങ്ങളിലേക്കും ചേക്കേറി ജീവിക്കുന്ന പയ്യാവൂർ പ്രവാസികളുടെ സൗഹൃദ കൂട്ടായ്മയാണ് പി.പി.കെ. ഗ്ലോബൽ.

**1.1) പേര്:** പയ്യാവൂർ പ്രവാസി കൂട്ടായ്മ ഗ്ലോബൽ (പി.പി.കെ. ഗ്ലോബൽ)

**1.2) രജിസ്ട്രേഷൻ:** രാജ്യത്തിന്റെ നിയമമനുസരിച്ച് അതാത് സമയത്ത് പുതുക്കി പ്രവർത്തിക്കേണ്ട കൂട്ടായ്മ.

**1.3) അഡ്രസ്സ്:** അതാത് ഭരണസമിതിയിലെ പ്രസിഡണ്ടിനെയും സെക്രട്ടറിയുടെയും കോൺടാക്ട് ഡീറ്റെയിൽസ് ആയിരിക്കും സംഘടനയുടെ ഒഫീഷ്യൽ കോണ്ടാക്ട്സ്.

**1.4) Email Id:** ppkglobal2023@gmail.com

**1.5) സംഘടനാ ചിഹ്നം:**

ഇത് സംഘടനയുടെ ഔദ്യോഗിക ചിഹ്നം ആയിരിക്കും. സംഘടനയുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിലും സംഘടനയുടെ വേദികളിലും ബാനറുകൾ ലെറ്റർപാഡ് സംഘടന ഇറക്കുന്ന സ്മരണികകൾ സംഘടനയുടെ മറ്റു പോഷക സംഘടനകൾ വെബ്സൈറ്റ് എന്നിവിടങ്ങളിൽ എക്സിക്യൂട്ടീവ് സമിതിയുടെ അംഗീകാരത്തോടെ ഉപയോഗിക്കേണ്ടതാണ്.

വൃത്താകൃതിയിലുള്ള ഈ ചിഹ്നത്തിലെ കേരളത്തിലെ ദേശീയ വൃക്ഷമായ തെങ്ങും അതിൽ കാണുന്ന ഭവനവും നമ്മുടെ കേരള നാടിനെയും പ്രത്യേകിച്ച് പയ്യാവൂരിനെയും അതിലെ നീലനിറം ആകാശത്തെയും സൂചിപ്പിക്കുന്നു. അതിൽ കാണുന്ന മനുഷ്യരും വിമാനവും പ്രവാസ ജീവിതത്തിനു പോകുന്ന പയ്യാവൂർ നിവാസികളെയും പ്രതിനിധാനം ചെയ്യുന്നു. പയ്യാവൂർ പ്രവാസികളുടെ സൗഹൃദ കൂട്ടായ്മയാണ് പി പി കെ ഗ്ലോബൽ എന്ന സന്ദേശം ഈ ചിഹ്നം നൽകുന്നു.

**2) ലക്ഷ്യങ്ങൾ:**

**2.1)** ലോകത്തിന്റെ പല രാജ്യങ്ങളിൽ ജോലി ചെയ്തു താമസിക്കുന്ന പ്രവാസികളായ പയ്യാവൂർകാർക്ക് ഒരുമിച്ച് കൂടുവാനും പരിചയപ്പെടുവാനും ബന്ധങ്ങൾ പുതുക്കുവാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

**2.2)** ജാതിമത കക്ഷിരാഷ്ട്രീയ വർണ്ണ വർഗ്ഗ ലിംഗ ഭേദമില്ലാതെ സംഘടനയുടെ അംഗങ്ങൾക്കും നാടിനും സമൂഹത്തിനും ഉപകാരപ്രദമായ കൂട്ടായ്മ വളർത്തിയെടുക്കുക.

**2.3)** പയ്യാവൂർ പ്രദേശത്തിന്റെയും അവിടുത്തെ നാട്ടുകാരുടെയും, സംഘടനാ അംഗങ്ങളുടെയും ഉന്നമനത്തിനുതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

# നിയമാവലി

**2.4)** ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന സംഘടന അംഗങ്ങൾക്ക് സാധിക്കുന്ന രീതിയിലുള്ള സഹായങ്ങൾ ചെയ്യുക.

**2.5)** പ്രവാസജീവിതം അവസാനിച്ച് നാട്ടിൽ തിരിച്ചു ചെല്ലുന്ന പയ്യാവൂർ പ്രവാസികൾക്ക് അവർ ഒറ്റയ്ക്കല്ല, അത്യാവശ്യഘട്ടങ്ങളിൽ താങ്ങും തണലുമായി പയ്യാവൂർ പ്രവാസി കൂട്ടായ്മ ഉണ്ടാകും എന്ന് ആത്മവിശ്വാസം നൽകുക.

**2.6)** വിശ്രമ ജീവിതം ജന്മനാട്ടിൽ ജീവിക്കാൻ ആഗ്രഹിക്കുന്ന എല്ലാ പ്രവാസികൾക്കും അവർക്ക് ആവശ്യമായ ഒത്തുചേരലുകൾക്ക് സാധ്യമായ സൗകര്യങ്ങൾ പി.പി.കെ. ഗ്ലോബലിന്റെ പോഷക സംഘടനകളിലൂടെ നടപ്പിലാക്കുക.

**2.7)** പുതിയ തലമുറയ്ക്ക് പയ്യാവൂർ ദേശത്തിന്റെ ചരിത്രവും സംസ്കാരവും കൂട്ടായ്മയും പാരമ്പര്യങ്ങളും സാമൂഹ്യപ്രതിബദ്ധതയും മനസ്സിലാക്കി കൊടുക്കുക.

**2.8)** ചാരിറ്റി പ്രവർത്തനങ്ങൾക്കുള്ള തുക കണ്ടെത്തുകയും അത് ശരിയായി ഉപയോഗിച്ചു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

**2.9)** പോഷക സംഘടനകളുടെ പ്രവർത്തനങ്ങൾ ശരിയായ രീതിയിലാണ് നടപ്പിലാക്കുന്നത് എന്ന് ഉറപ്പുവരുത്തുക

**2.10)** പയ്യാവൂർ നാടിനും ജനങ്ങളുടെയും ഉന്നമനത്തിനായി സാധിക്കുന്ന ഇതര സംഘടനകളും മറ്റു കൂട്ടായ്മകളും ആയി പക്ഷപാതം ഇല്ലാതെ സഹകരിച്ച് പ്രവർത്തിക്കുക.

**3) അംഗത്വം:** പയ്യാവൂർ പഞ്ചായത്തിലും പയ്യാവൂരുമായി നിരന്തരം ബന്ധപ്പെടുന്ന അടുത്ത പരിസരപ്രദേശങ്ങളായ പൂപ്പറമ്പ്, ചുണ്ടപ്പറമ്പ്, കാഞ്ഞിലേരി, മണ്ണേരി, തിരൂർ, തെർമല, മുണ്ടാനൂർ എന്നിവിടങ്ങളിലും, അതിനുള്ളിലും ജനിച്ചുവളർന്ന് കേരളത്തിനും ഇന്ത്യക്ക് വെളിയിലും ജോലി ചെയ്തു സ്ഥിരതാമസം നയിക്കുന്ന പ്രവാസികൾ, പയ്യാവൂർ പ്രവാസി കൂട്ടായ്മ ഗ്ലോബലിന്റെ അംഗത്വത്തിന് യോഗ്യർ ആണ്.

**3.1) സജീവ അംഗത്വം:** കേരളത്തിനു വെളിയിലുള്ള ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ചുരുങ്ങിയത് കഴിഞ്ഞ അഞ്ചു വർഷമായി സ്ഥിരതാമസം നയിക്കുന്നവർക്കും ഇന്ത്യക്ക് വെളിയിൽ ആണെങ്കിൽ ചുരുങ്ങിയത് രണ്ടുവർഷമെങ്കിലും സ്ഥിരതാമസം നയിച്ച് പ്രവാസജീവിതം നയിക്കുന്ന പയ്യാവൂർകാർക്ക് അതാത് വർഷത്തെ അംഗത്വം ഫീസ് നൽകി സജീവ അംഗത്വം എടുക്കാവുന്നതാണ്. സജീവ അംഗത്വത്തിന്റെ കാലാവധി അതാത് പ്രവർത്തന വർഷത്തിലേക്ക് മാത്രമായിരിക്കും. പി.പി.കെ. ഗ്ലോബലിന്റെ അംഗത്വം എടുത്തവർ പിന്നീട് പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിൽ സ്ഥിരതാമസം ആക്കിയാലും സജീവ അംഗത്വത്തിന് യോഗ്യർ ആണ്. സജീവ അംഗത്വത്തിന് നിശ്ചിത ഫോം പൂരിപ്പിച്ച് നൽകേണ്ടതാണ്. അംഗത്വ ഫീസിൽ കാലോചിതമായ മാറ്റം വരുത്തുവാൻ അതാത് സമയത്ത് ഭരണസമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. സജീവ അംഗത്വത്തിന് അപേക്ഷ നൽകിയവർ പിന്നീട് എന്തെങ്കിലും കാരണത്താൽ അയോഗ്യരാണ് എന്ന് ബോധ്യപ്പെട്ടാൽ അംഗത്വം ക്യാൻസൽ ചെയ്യാനുള്ള അധികാരം ഭരണസമിതിക്ക് ഉണ്ടായിരിക്കുന്നതാണ് ഇത്തരം സാഹചര്യത്തിൽ അംഗത്വ ഫീസ് തിരിച്ചു നൽകുന്നതായിരിക്കും.

**3.2) സജീവ അംഗത്വത്തിന് അർഹതയില്ലാത്തവർ.**

1. രാജ്യദ്രോഹ കേസുകളിൽ അകപ്പെട്ടവർ.
2. പിടികിട്ടാപ്പുള്ളികളായി പ്രഖ്യാപിക്കപ്പെട്ട് LOOKOUT നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളവർ.

# നിയമാവലി

**3.3) അംഗത്വ ഫീസ് :** ഒരു വർഷത്തെ കുടുംബാംഗത്വ ഫീസ് *Rs.* 1000 ഉം വ്യക്തിഗത അംഗത്വ ഫീസ് *Rs.* 500 ഉം ആയിരിക്കും. അംഗത്വ ഫീസിൽ കാലോചിതമായ മാറ്റം വരുത്തുവാൻ അതാതു വർഷത്തെ ഭരണസമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**4) വരിസംഖ്യ:** അതാതു വർഷത്തെ വരിസംഖ്യ അടച്ചവർക്ക് മാത്രമേ സംഘടനയിൽ സജീവ അംഗത്വം കിട്ടുകയുള്ളൂ.

**4.1) കുടുംബാംഗത്വം:** കുടുംബാംഗമെടുക്കുന്നവരുടെ പങ്കാളി മക്കൾ എന്നിവർക്കും പി. പി. കെ. ഗ്ലോബലിൽ അംഗത്വം ലഭിക്കും.

**4.2)** വ്യക്തിഗത അംഗത്വ ഫീസ് നൽകി അംഗത്വം എടുക്കുന്ന വ്യക്തിക്ക് മാത്രമേ സംഘടനയിൽ അംഗത്വം ലഭിക്കുകയുള്ളൂ.

**4.3)** പോഷക സംഘടനകളുടെ അംഗത്വ ഫീസ് അതാ സമയത്ത് പി.പി.കെ. ഗ്ലോബൽ ഭരണസമിതി തീരുമാനിക്കേണ്ടതാകുന്നു.

**4.4)** വാർഷിക വരിസംഖ്യ ഒക്ടോബർ 31 മുമ്പ് അടച്ചിരിക്കണം.

**4.5)** കുടുംബാംഗമുള്ളവരിൽ കുടുംബനാഥനും നാഥക്കും ഏകാംഗത്വമുള്ളവർക്കും സംഘടനയുടെ ജനറൽബോഡി മീറ്റിങ്ങിൽ വോട്ട് അവകാശമുണ്ടായിരിക്കും.

**5) അംഗങ്ങളുടെ ഉത്തരവാദിത്തങ്ങളും അവകാശങ്ങളും:**

**5.1)** വാർഷിക വരിസംഖ്യ കഴിവതും നേരത്തെ തന്നെ കൊടുത്തു സജീവ അംഗത്വം പുതുക്കേണ്ടതാണ്.

**5.2)** പൊതുയോഗങ്ങളിൽ പങ്കെടുക്കുന്നതിനും അഭിപ്രായങ്ങൾ പറയുന്നതിനുമുള്ള അവകാശം ഉണ്ടായിരിക്കും.

**5.3)** നിശ്ചയിക്കപ്പെട്ടിരിക്കുന്ന യോഗ്യത പ്രകാരം സംഘടന ഭാരവാഹി സ്ഥാനങ്ങളിലേക്ക് മത്സരിക്കാനുള്ള അവകാശം ഉണ്ട്.

**5.4)** സംഘടനയുടെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികൾ ആവുകയും മാന്യതയും അച്ചടക്കവും പുലർത്തേണ്ടതും നിയമങ്ങളെ ബഹുമാനിക്കേണ്ടതും ആകുന്നു.

**5.5)** സംഘടന അംഗത്വ പ്രകാരം വോട്ട് ചെയ്യാനുള്ള അവകാശം.

**5.6)** പൊതുയോഗങ്ങളിൽ അവതരിപ്പിക്കുന്ന റിപ്പോർട്ടിൽ അഭിപ്രായം പറയാനും പിന്തള്ളാനും ഉള്ള അവകാശം.

**5.7)** സംഘടനയുടെ പ്രവർത്തനങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ അത് രേഖാമൂലം ഭരണസമിതിയെ അറിയിക്കേണ്ടതും ഭരണസമിതി അതിനു മറുപടി നൽകേണ്ടതും ആകുന്നു.

**5.8)** പൊതുയോഗത്തിലും അതാത് വർഷത്തെ ഭരണസമിതിയും പാസാക്കുന്ന തീരുമാനങ്ങൾ അംഗീകരിക്കുകയും അതിനോട് സഹകരിക്കുകയും ചെയ്യേണ്ടതാണ്.

# നിയമാവലി

**6) പൊതു പരിപാടികൾ:**
ഓരോ വർഷത്തെയും പൊതു പരിപാടികൾ ചാരിറ്റി മുതലായവ അതാത് വർഷത്തെ ഭരണസമിതി തീരുമാനിച്ച് എല്ലാവരുടെയും സഹകരണത്തോടെ നടപ്പിലാക്കേണ്ടതാണ്.

**7) പൊതുയോഗം:**
പയ്യാവൂർ പ്രവാസികളുടെ പൊതുവായിട്ടുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് സജീവ അംഗങ്ങൾ കൂടുന്നതിനെയാണ് പൊതുയോഗം എന്ന് പറയുന്നത്. പി. പി. കെ. ഗ്ലോബലിന്റെ നിയമനിർമാണം ഉൾപ്പെടെ ഉള്ള പരമാധികാര സഭയാണ് പൊതുയോഗം.

7.1) ഒരു വർഷത്തിൽ രണ്ടു പൊതുയോഗങ്ങൾ എങ്കിലും നടത്തിയിരിക്കണം

7.2) പൊതുയോഗങ്ങളിൽ അംഗങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അവതരിപ്പിക്കാവുന്നതാണ്.

7.3) പൊതുയോഗങ്ങളിൽ സെക്രട്ടറി റിപ്പോർട്ടും ട്രഷറർ വരവ് ചെലവ് കണക്കും വായിക്കേണ്ടതാണ്.

7.4) മറ്റ് അവസരങ്ങളിൽ സജീവ അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങളുടെ രേഖാമൂലമുള്ള ആവശ്യപ്രകാരം പൊതുയോഗം ഭരണസമിതി ഒരു മാസത്തിനുള്ളിൽ വിളിച്ചു ചേർക്കേണ്ടതാണ്.

7.5) പൊതുയോഗങ്ങളിൽ പരമാവധി അംഗങ്ങളുടെ സാന്നിധ്യം ഉറപ്പാക്കേണ്ടതും അതിൽ പ്രകാരം ഡിജിറ്റൽ ടെക്നോളജി ഉപയോഗിച്ചോ വാട്സ്ആപ്പ് പോലെയുള്ള സാമൂഹിക മാധ്യമങ്ങൾ ഉപയോഗിച്ചും പൊതുയോഗം നടത്താവുന്നതാണ്.

**8) വരവ്, ചിലവ്, നിക്ഷേപ പദ്ധതികൾ.**

**8.1)** പയ്യാവൂർ പ്രവാസി കൂട്ടായ്മയുടെ വാർഷിക വരിസംഖ്യ വരുമാനവും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി പിരിച്ചെടുക്കുന്ന തുകയും സ്പോൺസർഷിപ്പ് ലേലം, കൂപ്പൺ, മുതലായവയിലൂടെ കണ്ടെത്തുന്ന വരുമാനം തുടങ്ങിയ ചെറുതും വലുതുമായ എല്ലാ വരവ് ചെലവുകളും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

**8.2)** ചിലവുകൾ ചെയ്യണ്ട സാഹചര്യങ്ങളിൽ 20,000രൂപ വരെ എക്സിക്യൂട്ടീവ് സമതിയുടെ അംഗീകാരത്തോടെയും അതിൽ കൂടുതലുള്ള തുകകൾ ഭരണസമിതിയുടെയും അംഗീകാരത്തോടെ വേണം നടപ്പിലാക്കുവാൻ. അതാത് ഭരണസമിതി ഏറ്റെടുത്തു നടത്തുന്ന പ്രോഗ്രാമുകൾക്കുള്ള ഫണ്ട് സ്പോൺസർഷിപ്പിലൂടെയോ മറ്റ് ഇതര മാർഗ്ഗങ്ങളിലൂടെയോ കണ്ടെത്തേണ്ടതാണ്.

**8.3)** പയ്യാവൂർ പ്രവാസി കൂട്ടായ്മയുടെ നേതൃത്വത്തിൽ ഏതെങ്കിലും രീതിയിലുള്ള നിക്ഷേപ പദ്ധതികൾ (Investment Projects) നടപ്പിലാക്കുമ്പോൾ അതിൽ നിക്ഷേപിച്ചവർക്ക് തുല്യമായി അർഹത കിട്ടത്തക്ക രീതിയിലുള്ള നിയമാവലികൾ പ്രത്യേകം ഉണ്ടാക്കേണ്ടതാണ്.

**8.4)** പയ്യാവൂർ പ്രവാസി കൂട്ടായ്മയുടെ ഓരോ വർഷത്തെയും പ്രോഗ്രാമുകൾ ബാധ്യത ഇല്ലാതെ കൊണ്ടുപോകേണ്ടതും വരവ് ചെലവ് കണക്കുകൾ സുതാര്യമാണെന്ന് ഉറപ്പുവരുത്തേണ്ടത് അതാത് ഭരണസമിതിയുടെ കൂട്ടുത്തരവാദിത്വം ആണ്.

**9) പ്രവർത്തന വർഷം:**
സംഘടനയുടെ ഭരണസമിതി അംഗങ്ങളുടെ പ്രവർത്തന കാലാവധി രണ്ടു വർഷത്തേക്ക് ആയിരിക്കും, ഏപ്രിൽ ഒന്നു മുതൽ മാർച്ച് 31 വരെ. പുതിയതായി നിലവിൽ വരുന്ന ഭരണസമിതിക്ക് ഏപ്രിൽ 30ന് മുമ്പായി അധികാര കൈമാറ്റം നടത്തേണ്ടതാണ്. സ്ഥാനമൊഴിയുന്ന ഭരണസമിതി സംഘടനയുടെ എല്ലാ റെക്കോർഡുകളും എല്ലാ ആസ്തികളും ബാധ്യതകളും സ്ഥാപനജംഗ വസ്തുക്കളും സ്ഥാനമേൽക്കുന്ന പുതിയ ഭരണസമിതിക്ക്

# നിയമാവലി

വാർഷിക പൊതുയോഗത്തിനുശേഷം 30 ദിവസത്തിനുള്ളിൽ ഏൽപ്പിക്കേണ്ടതാണ്. ഭരണസമിതിയുടെ രണ്ടാം വർഷത്തിലെ മാർച്ച് മാസത്തിനുള്ളിൽ വാർഷിക പൊതുയോഗവും തെരെഞ്ഞെടുപ്പും നടത്തേണ്ടതാണ്.

**10) ഭരണ സംവിധാനം:**
സംഘടനയുടെ പ്രവർത്തനങ്ങൾ സുഖവുമായി നടപ്പിലാക്കുവാൻ വേണ്ടി സംഘടനയിൽ അംഗങ്ങളാകുന്ന കുറഞ്ഞത് പത്ത് പ്രവാസികൾ ഉള്ള എല്ലാ രാജ്യങ്ങളിൽ നിന്നും ഒരു പ്രതിനിധി ഭരണസമിതിയുടെ ഭാഗമാകേണ്ടതാണ്. പത്തിൽ കൂടുതൽ അംഗങ്ങളുള്ള രാജ്യങ്ങളിൽ നിന്നും 15 പേർക്ക് ഒരു പ്രതിനിധി എന്ന കണക്ക് പ്രകാരം ഭരണസമിതിയുടെ ഭാഗമാകേണ്ടതാണ്. കേരളത്തിന് വെളിയിലുള്ള ഇതര സംസ്ഥാനങ്ങളിൽ താമസിക്കുന്നവർക്കും ഇതേ മാനദണ്ഡം അനുസരിച്ച് (15:1) ഭരണസമിതിയിലേക്ക് പ്രതിനിധികളെ അയക്കാവുന്നതാണ്.

**10.1) ഭരണസമിതി:** എക്സിക്യൂട്ടീവ് സമിതി അംഗങ്ങൾ, കേരളത്തിന് വെളിയിലെ ഇതര സംസ്ഥാന പ്രതിനിധികൾ, അംഗരാജ്യ പ്രതിനിധികൾ ഉപദേശക സമിതി അംഗങ്ങൾ എന്നിവർ അടങ്ങുന്നതാണ് ഭരണസമിതി.
ഭരണസമിതി എല്ലാ മാസവും ഓൺലൈനായി ചേരുകയും സംഘടനയുടെ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള തീരുമാനങ്ങൾ എടുക്കുകയും നടപ്പിൽ വരുത്തുന്നതിന് നേതൃത്വം കൊടുക്കുകയും ചെയ്യേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഭരണസമിതിയിൽ വോട്ടെടുപ്പ് വേണ്ടിവന്നാൽ ഉപദേശക സമിതി അംഗങ്ങളും പ്രത്യേകം ക്ഷണിതാക്കളും വോട്ടിങ്ങിൽ നിന്നും വിട്ടുനിൽക്കേണ്ടതാണ്. പി.പി.കെ. ഗ്ലോബലിന്റെ ഭരണസമിതിയുടെ ഭാഗമാകുന്നവർ, പി.പി.കെ. ഗ്ലോബലിന്റെ പോഷക സംഘടനകളിലും അംഗത്വം എടുക്കേണ്ടതാണ്.

**10.2) എക്സിക്യൂട്ടീവ് സമിതി:**
പ്രസിഡന്റ് ജനറൽ സെക്രട്ടറി ട്രഷറർ വൈസ് പ്രസിഡണ്ട്, ജോയിൻ സെക്രട്ടറി, ജോയിൻ ട്രഷറർ, പി.ആർ.ഒ. എന്നീ ഏഴുപേർ ചേർന്നതായിരിക്കും എക്സിക്യൂട്ടീവ് സമിതി. അടിയന്തരഘട്ടങ്ങളിൽ എക്സിക്യൂട്ടീവ് സമിതി യോഗം ചേർന്ന് തീരുമാനങ്ങൾ എടുക്കാവുന്നതും ആ തീരുമാനങ്ങൾ ഭരണസമിതിയെ അറിയിച് അംഗീകാരം നേടേണ്ടതുമാണ്. യോഗാജണ്ടകൾ തീരുമാനിക്കുക, റിപ്പോർട്ടുകൾ ശരിയാണെന്ന് ഉറപ്പുവരുത്തുക സംഘടനാ പ്രവർത്തനങ്ങൾ ശരിയായ ദിശയിലാണ് പോകുന്നത് എന്ന് ഉറപ്പുവരുത്തുക, മുതലായ ഉത്തരവാദിത്വങ്ങൾ എക്സിക്യൂട്ടീവ് സമിതിക്ക് ഉണ്ട്.

**11) സംഘടനാ പദവികളും യോഗ്യതയും ചുമതലകളും:**

**11.1) പ്രസിഡന്റ് :**

**യോഗ്യത:** കുറഞ്ഞത് അഞ്ചുവർഷമെങ്കിലും പ്രവാസജീവിതം നയിച്ച വ്യക്തി ആയിരിക്കണം ഒരു വർഷമെങ്കിലും എക്സിക്യൂട്ടീവ് സമിതിയിൽ പ്രവർത്തന പരിചയം ഉണ്ടായിരിക്കണം തൊട്ടുമുൻ ഭരണസമിതിയിൽ പ്രസിഡന്റിന്റെ പദവി അലങ്കരിച്ചിട്ടില്ലാത്ത വ്യക്തി ആയിരിക്കണം. മുൻവർഷത്തെ സജീവ അംഗം ആയിരിക്കണം.

**തിരഞ്ഞെടുപ്പ്:** പ്രവർത്തന വർഷത്തിലെ വാർഷിക പൊതുയോഗ ജനറൽബോഡി മീറ്റിങ്ങിൽ വച്ച്.

**ചുമതലകൾ:** പയ്യാവൂർ പ്രവാസി കൂട്ടായ്മയുടെ അധ്യക്ഷൻ പ്രസിഡണ്ട് ആയിരിക്കും. നിയമാവലി അനുസൃതമായി സംഘടനയെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക യോഗ തീരുമാനങ്ങൾ എല്ലാം യഥാസമയം നടപ്പിലാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. പൊതുവേദികളിൽ സംഘടനയെ പ്രതിനിധീകരിക്കുകയും സംഘടനയുടെ നിയമങ്ങൾക്ക് അനുസൃതമായി മുൻകൂട്ടി തയ്യാറാക്കിയ സന്ദേശങ്ങൾ നൽകുകയും ചെയ്യുക. സംഘടനയുടെ പോഷക സംഘടനകളുടെ പരമാധികാരിയും രക്ഷാധികാരിയും പി.പി.കെ. ഗ്ലോബൽ പ്രസിഡണ്ട് ആയിരിക്കും. സംഘടനയുടെ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുക ഭരണസമിതിയിലെ മറ്റ് അംഗങ്ങളും സംഘടനാ അംഗങ്ങളും സംഘടനയുടെ നിയമാവലി പ്രകാരമാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തുക എന്നിവ പ്രസിഡന്റിന്റെ ഉത്തരവാദിത്വമാണ്.

# നിയമാവലി

**11.2) വൈസ് പ്രസിഡന്റ് :**

**യോഗ്യത:** കുറഞ്ഞത് അഞ്ചുവർഷമെങ്കിലും പ്രവാസജീവിതം നയിച്ച വ്യക്തി. പ്രസിഡന്റിന്റെ അതേ രാജ്യത്തു നിന്നുമുള്ള വ്യക്തി ആകരുത്. കേരളത്തിനു വെളിയിലുള്ള സംസ്ഥാനത്തിന്റെയോ അംഗരാജ്യത്തിന്റെയോ പ്രതിനിധി.

**തിരഞ്ഞെടുപ്പ്:** പുതിയ ഭരണസമിതിയിലെ പ്രഥമ ഭരണസമിതി യോഗത്തിൽ വച്ച്.

**ചുമതലകൾ:** പ്രസിഡന്റിന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ ചുമതലകൾ നിർവഹിക്കുക സംഘടനാ പ്രവർത്തനങ്ങളിൽ പ്രസിഡണ്ടിനെ സഹായിക്കുക. ഭരണ സമിതിയുടെ പ്രവർത്തനങ്ങളിൽ പങ്കാളിയാവുക.

**11.3) ജനറൽ സെക്രട്ടറി :**

**യോഗ്യത:** കുറഞ്ഞത് അഞ്ചു വർഷമെങ്കിലും പ്രവാസജീവിതം നയിച്ച വ്യക്തി. ഒരു വർഷമെങ്കിലും Core Group / സെൻട്രൽ കമ്മിറ്റിയിൽ (ഭരണസമിതിയിൽ) പ്രവർത്തന പരിചയം. മുൻ ഭരണസമിതിയിൽ ജനറൽ സെക്രട്ടറി പദവി അലങ്കരിച്ചിട്ടില്ലാത്ത വ്യക്തി ആയിരിക്കണം.

**തിരഞ്ഞെടുപ്പ്:** പ്രവർത്തന വർഷത്തിലെ വാർഷിക പൊതുയോഗ ജനറൽ ബോഡി മീറ്റിങ്ങിൽ വച്ച്.

**ചുമതലകൾ:** പ്രസിഡന്റിന്റെ അംഗീകാരത്തോടെ ഭരണസമിതി യോഗങ്ങൾ പൊതുയോഗങ്ങൾ വിളിച്ചു ചേർക്കുക, എക്സിക്യൂട്ടീവ് അംഗങ്ങളുമായി ആലോചിച്ച് യോഗത്തിന്റെ അജണ്ടകൾ തീരുമാനിക്കുക റിപ്പോർട്ടുകൾ അവതരിപ്പിക്കുക ഓരോ യോഗത്തിന്റെയും മിനിറ്റസുകൾ തയ്യാറാക്കുക സർക്കുലറുകൾ കത്തിടപാടുകൾ എന്നിവ യഥാസമയം ജോയിൻ സെക്രട്ടറിയുടെ സഹായത്തോടെ നിർവഹിക്കുക. പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ അഭാവത്തിൽ അവരുടെ ചുമതലകൾ നിർവഹിക്കുക. സംഘടനയുടെ ആസ്തികൾ രേഖകൾ എന്നിവ സൂക്ഷിക്കുക. വാർഷിക പ്രവർത്തക റിപ്പോർട്ട് എക്സിക്യൂട്ടീവിന്റെ അംഗീകാരത്തോടെ പൊതുയോഗത്തിൽ അവതരിപ്പിക്കുക.

**11.4) ജോയിൻ സെക്രട്ടറി:**

**യോഗ്യത:** കുറഞ്ഞത് അഞ്ചുവർഷമെങ്കിലും പ്രവാസജീവിതം നയിച്ച വ്യക്തി. ജനറൽ സെക്രട്ടറിയുടെ അതേ രാജ്യത്തു നിന്നുമുള്ള വ്യക്തി ആകരുത്. കേരളത്തിനു വെളിയിലുള്ള സംസ്ഥാനത്തിന്റെയോ അംഗരാജ്യത്തിന്റെയോ പ്രതിനിധി.

**തിരഞ്ഞെടുപ്പ്:** പുതിയ ഭരണസമിതിയിലെ പ്രഥമ ഭരണസമിതി യോഗത്തിൽ വച്ച്.

**ചുമതലകൾ :** ജനറൽ സെക്രട്ടറിയുടെ അഭാവത്തിൽ അദ്ദേഹത്തിന്റെ ചുമതലകൾ നിർവഹിക്കുക സംഘടനാ പ്രവർത്തനങ്ങളിൽ ജനറൽ സെക്രട്ടറിയെ സഹായിക്കുക. ഭരണസമിതിയുടെ പ്രവർത്തനങ്ങളിൽ പങ്കാളിയാവുക.

**11.5) ട്രഷറർ**

**യോഗ്യത :** കുറഞ്ഞ അഞ്ചുവർഷമെങ്കിലും പ്രവാസജീവിതം നയിച്ച വ്യക്തി. ഒരു വർഷമെങ്കിലും core group / ഭരണസമിതിയിൽ പ്രവർത്തിച്ചുള്ള പരിചയം.തൊട്ട് മുൻ ഭരണസമിതിയിൽ ട്രഷററിന്റെ പദവി അലങ്കരിച്ചിട്ടില്ലാത്ത വ്യക്തി ആയിരിക്കണം.

# നിയമാവലി

**തിരഞ്ഞെടുപ്പ് :** പ്രവർത്തന വർഷത്തിലെ വാർഷിക പൊതുയോഗ ജനറൽ ബോഡി മീറ്റിങ്ങിൽ വച്ച്.

**ചുമതലകൾ :** സാമ്പത്തിക ഇടപാടുകൾ കാര്യക്ഷമമായി നടത്തുകയും അവയുടെ വരവ് ചിലവ് കണക്കുകൾ കൃത്യമായി സൂക്ഷിച്ച് ഭരണസമിതിയിൽ അവതരിപ്പിച്ച അംഗീകാരം നേടുകയും പൊതുയോഗങ്ങളിൽ അവതരിപ്പിക്കുകയും ചെയ്യുക. വരവ് ചിലവ് കണക്കുകൾ ഓഡിറ്റ് ചെയ്യാൻ ഓഡിറ്റർക്ക് തക്ക സമയത്ത് നൽകുക. ഓഡിറ്റ് ചെയ്ത വാർഷിക വരവ് ചിലവ് കണക്കുകൾ വാർഷികപൊതു യോഗത്തിൽ അവതരിപ്പിക്കുക, അംഗങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുക, വാർഷിക വരിസംഖ്യ സമയാസൂത്രമായി പിരിച്ചെടുത്തു എന്ന് ഉറപ്പുവരുത്തുക, സംഘടന പ്രവർത്തനത്തിന് എക്സിക്യൂട്ടീവ് സമിതിയുടെ അംഗീകാരത്തോടെ പണം ഇടപാടുകൾ നടത്തുക, ഭരണസമിതിയുടെ പ്രവർത്തനങ്ങൾക്ക് പ്രസിഡന്റ്, സെക്രട്ടറിയോടൊപ്പം നേതൃത്വം കൊടുക്കുക.

**11.6) ജോയിന്റ് ട്രഷറർ :**

**യോഗ്യത:** കുറഞ്ഞത് അഞ്ചുവർഷമെങ്കിലും പ്രവാസജീവിതം നയിച്ച വ്യക്തി. ട്രഷറിന്റെ അതേ രാജ്യത്തു നിന്നുമുള്ള വ്യക്തി ആകരുത്. കേരളത്തിനു വെളിയിലുള്ള സംസ്ഥാനത്തിന്റെയോ അങ്കരാജ്യത്തിന്റെയോ പ്രതിനിധി.

**തിരഞ്ഞെടുപ്പ് :** പുതിയ ഭരണസമിതിയിലെ പ്രഥമ ഭരണസമിതി യോഗത്തിൽ വച്ച്.

**ചുമതലകൾ:** ട്രഷറിന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ ചുമതലകൾ നിർവഹിക്കുക സംഘടനാ പ്രവർത്തനങ്ങളിൽ ട്രഷറിനെ സഹായിക്കുക. ഭരണസമിതിയുടെ പ്രവർത്തനങ്ങളിൽ പങ്കാളിയാവുക.

11.7) PRO:

**യോഗ്യത :** കുറഞ്ഞത് അഞ്ചുവർഷമെങ്കിലും പ്രവാസജീവിതം നയിച്ച വ്യക്തി. കേരളത്തിനു വെളിയിലുള്ള സംസ്ഥാനത്തിന്റെയോ അങ്കരാജ്യത്തിന്റെയോ പ്രതിനിധി.

**തിരഞ്ഞെടുപ്പ്:** പുതിയ ഭരണസമിതിയിലെ പ്രഥമ ഭരണസമിതി യോഗത്തിൽ വച്ച്.

**ചുമതലകൾ:** സംഘടനയുടെ വാർത്തകളും പരസ്യങ്ങളും എക്സിക്യൂട്ടീവിന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുക. സംഘടനയുടെ പ്രവർത്തനങ്ങൾ സംഘടനാഗങ്ങളിലേക്കും മറ്റുള്ളവരിലേക്കും എത്തിക്കുക. ഭരണസമിതിയുടെ പ്രവർത്തനങ്ങളിൽ പങ്കാളിയാവുക.

**11.8) പി പി കെ ഗ്ലോബൽ പ്രതിനിധികൾ:**

**യോഗ്യത :** പയ്യാവൂർ പ്രവാസികൾ താമസിക്കുന്ന രാജ്യങ്ങളിലെയും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെയും പി പി കെ ഗ്ലോബലിന്റെ സജീവ അംഗം.

**തിരഞ്ഞെടുപ്പ് :** വാർഷിക പൊതുയോഗത്തിന്റെ കുറഞ്ഞത് ഒരു മാസം മുമ്പ് അതാത് രാജ്യങ്ങളിലെ പയ്യാവൂർ പ്രവാസി കൂട്ടായ്മയുടെ പ്രതിനിധിയെ തെരഞ്ഞെടുക്കേണ്ടതാണ് പി പി കെ ഗ്ലോബൽ കൂട്ടായ്മയിലെ ഓരോ രാജ്യങ്ങളുടെയും അംഗങ്ങളുടെ നിഷ്കർഷിച്ചിരിക്കുന്ന അനുവാദം അനുസരിച്ചായിരിക്കും പ്രതിനിധികളുടെ എണ്ണം. സമവായത്തിലൂടെ പ്രതിനിധിയെ കണ്ടെത്താൻ സാധിച്ചില്ലെങ്കിൽ സീക്രട്ട് ബാലറ്റിലൂടെ പ്രതിനിധിയെ കണ്ടെത്തണം. ഇതിനുള്ള സഹായം ഭരണസമിതി നൽകേണ്ടതാണ്.

**ചുമതലകൾ :** കഴിവതും മൂന്നുമാസത്തിൽ ഒരിക്കലെങ്കിലും അതാത് രാജ്യത്തെ ഗ്ലോബൽ അംഗങ്ങളുടെ ഓൺലൈനായോ സാധിക്കുമെങ്കിൽ ഫിസിക്കൽ ആയിട്ടോ ഉള്ള മീറ്റിംഗ് നടത്തി കൂട്ടായ്മയെ സജീവമാക്കുക. ആ

# നിയമാവലി

രാജ്യത്തുള്ള പരമാവധി എല്ലാ പയ്യാവൂർ നിവാസികളെയും പി പി കെ ഗ്ലോബലിൽ അംഗങ്ങളാക്കുക. പി.പി.കെ ഗ്ലോബൽ ഭരണസമിതിയുടെ ഭാഗമാവുകയും ഭരണസമിതി തീരുമാനങ്ങൾ അറിയിക്കുകയും ചെയ്യുക. അതാത് രാജ്യങ്ങളിലെ പയ്യാവൂർ കൂട്ടായ്മയുടെ വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയും അതാതു വർഷത്തെ പി.പി.കെ. ഗ്ലോബൽ പ്രസിഡന്റ് സെക്രട്ടറി ട്രഷറർ പി.ആർ.ഓ. എന്നിവരെ ചേർക്കുകയും ചെയ്യണം. P P K ഗ്ലോബലിന്റെ വാർഷിക വരിസംഖ്യയും മറ്റു സംഭാവനകളും പിരിച്ചെടുക്കുവാൻ സഹായിക്കുക.

**11.9) ഓഡിറ്റർ:**
യോഗ്യത കുറഞ്ഞത് അഞ്ചുവർഷമെങ്കിലും പ്രവാസജീവിതം നയിച്ച വ്യക്തി. തിരഞ്ഞെടുപ്പ് വാർഷിക പൊതു യോഗത്തിലെ ജനറൽ ബോഡി മീറ്റിംഗിൽ.

**ചുമതലകൾ :** സംഘടനയുടെ പണമിടപാടുകൾ സംബന്ധിച്ച് രേഖകൾ ഭരണസമിതിയുടെ യോഗ തീരുമാനങ്ങൾക്കും നിയമാവലിക്കും അനുസൃതമാണോ എന്ന് പരിശോധിച്ചു സാക്ഷ്യപ്പെടുത്തുക. വാർഷിക പൊതുയോഗത്തിന് 10 ദിവസം മുമ്പ് എങ്കിലും ട്രഷറിൽ നിന്നും വരവ് ചിലവ് കണക്കുകൾ സ്വീകരിച്ച് ഓഡിറ്റ് ചെയ്ത് മൂന്ന് ദിവസം മുമ്പ് എങ്കിലും പ്രഷറിന് നൽകുക. അത് വാർഷിക പൊതുയോഗത്തിൽ അവതരിപ്പിച്ചു എന്ന് ഉറപ്പുവരുത്തുക. വാർഷിക പൊതുയോഗത്തിനുശേഷം ഓഡിറ്റ് ചെയ്ത ഫൈനൽ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തി ട്രഷറാർക്ക് നൽകേണ്ടതും അത് പുതിയ ഭരണസമിതിയുടെ അറിവിലേക്കായി കൈമാറേണ്ടതും ആണ്.

**11.10) ഉപദേശക സമിതിയും അംഗങ്ങളും :** ഉപദേശക സമിതിയിൽ മൂന്ന് അംഗങ്ങളാണ് ഉള്ളത്.

**കാലാവധി** : രണ്ട് ഭരണസമിതിയുടെ പ്രവർത്തനവർഷങ്ങൾ (4 വർഷം )

**യോഗ്യത:** മുൻകാലപ്രസിഡന്റ് / സീനിയർ മെമ്പേഴ്സ് / മുൻ ഭരണസമിതികളിലെ എക്സിക്യൂട്ടീവ് മെമ്പേഴ്സ് ആയി പ്രവർത്തിച്ചവർ.

**തെരഞ്ഞെടുപ്പ്:** പ്രത്യേകത തിരഞ്ഞെടുപ്പ് ആവശ്യമില്ല ഭരണസമിതിക്ക് നോമിനേറ്റ് ചെയ്യാം.

**ചുമതലകൾ:** സംഘടനാ വിഷയങ്ങളിലോ ഭരണസമിതിയിലോ എന്തെങ്കിലും പ്രതിസന്ധി ഉടലെടുക്കുന്ന സാഹചര്യത്തിൽ സമയോചിതമായ ഇടപെട്ട് നീതിപൂർവ്വം അഭിപ്രായ സമിനയം ഉണ്ടാക്കുക. ഭരണസമിതിക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുക. മുൻകാല പ്രവർത്തന പരിചയം സംഘടനയുടെ പുരോഗതിക്കായി വിനിയോഗിക്കുക. ഭരണസമിതിയുടെ പ്രവർത്തനങ്ങളിൽ ആവശ്യമായ സഹകരണം ഉറപ്പുവരുത്തുക. ഭരണസമിതിയിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല. തിരഞ്ഞെടുപ്പ് സമിതിയിൽ അംഗമായിരിക്കുക.

**12) വരണാധികാരി**

**യോഗ്യത:** സീനിയർ മെമ്പേഴ്സ് / മുൻ ഭരണസമിതിയിലെ എക്സിക്യൂട്ടീവ് മെമ്പേഴ്സ്. നിലവിലെ ഭരണസമിതിയുടെ ഭാഗമല്ലാത്ത വ്യക്തി.

**തെരഞ്ഞെടുപ്പ്:** വാർഷിക പൊതുയോഗത്തിന് മുമ്പായി നിലവിലെ ഭരണസമിതി വർണാധികാരിയെ തിരഞ്ഞെടുത്തു അത് സർക്കുലർ മുഖേന വാർഷിക പൊതുയോഗത്തിന്റെ 60 ദിവസം മുമ്പായി അംഗങ്ങളെ അറിയിക്കണം.

**ചുമതലകൾ :** തെരഞ്ഞെടുപ്പ് സമിതിയുടെ അധ്യക്ഷൻ ആയിരിക്കുക, തിരഞ്ഞെടുപ്പ് നീതിപൂർവ്വം നടത്തുക. ഭരണസമിതി അംഗങ്ങൾക്ക് വാഷിക പൊതുയോഗത്തിൽ വച്ച് സത്യ പ്രതിജ്ഞ ചൊല്ലി കൊടുക്കുക.

# നിയമാവലി

**13) തെരഞ്ഞെടുപ്പ് സമിതിയും ചുമതലകളും :**

വർണാധികാരിയും മൂന്ന് ഉപദേശക സമിതി അംഗങ്ങളും ഉൾപ്പെട്ട സമിതിയാണ് തെരഞ്ഞെടുപ്പ് സമിതി. പ്രസ്തുത സമിതിയുടെ അധ്യക്ഷൻ വരണാധികാരി ആയിരിക്കും. സംഘടനയുടെ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ, ഓഡിറ്റർ എന്നീ സ്ഥാനങ്ങളിലേക്കുള്ള നാമനിർദ്ദേശപത്രികൾ സ്വീകരിക്കുകയും പരിശോധിക്കുകയും ചെയ്യുക. ഒന്നിലധികം നോമിനേഷൻസ് ഒരേ സ്ഥാനത്തേക്ക് വരികയാണെങ്കിൽ ആ വ്യക്തികളുമായി കൂടിയാലോചിച്ചു അഭിപ്രായസമന്നയം ഉണ്ടാക്കാൻ ശ്രമിക്കുക. അല്ലാത്ത സാഹചര്യത്തിൽ രഹസ്യ ബാലറ്റ് വഴി തെരഞ്ഞെടുപ്പ് നടത്തുക. മത്സരാർത്ഥികൾ തിരഞ്ഞെടുപ്പ് ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക സ്വതന്ത്രവും നീതിപൂർവവുമായ തിരഞ്ഞെടുപ്പ് നടത്തുക വാർഷിക പൊതുയോഗത്തിന് ഒരു മാസം മുമ്പേതന്നെ അംഗരാജ്യങ്ങളുടെ / സംസ്ഥാനങ്ങളിലെ പ്രതിനിധികളെ തെരഞ്ഞെടുത്തു എന്ന് ഉറപ്പുവരുത്തുക.

**14) തെരഞ്ഞെടുപ്പ് പ്രക്രിയ :**

**14.1) നാമനിർദ്ദേശപത്രിക:** വർണാധികാരിയെ പ്രഖ്യാപിച്ചു കഴിഞ്ഞാൽ തെരഞ്ഞെടുപ്പ് സമ്മതിക്കു മുമ്പാകെ നിർദിഷ്ട നാമനിർദ്ദേശപത്രിക പൂരിപ്പിച്ച് നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിച്ച് രണ്ട് സജീവ് അംഗങ്ങളുടെ പിന്തുണയോടെ പ്രസിഡണ്ട് ജനറൽ സെക്രട്ടറി ട്രഷറർ ഓഡിറ്റർ എന്നീ സ്ഥാനങ്ങളിലേക്ക് വാർഷിക പൊതുയോ ഗത്തിന് 20 ദിവസം മുമ്പ് വരെ സമർപ്പിക്കാവുന്നതും വാർഷിക പൊതുയോഗത്തിന്റെ 15 ദിവസം മുമ്പ് വരെ പത്രിക പിൻവലിക്കാവുന്നതുമാണ്. പത്രിക സമർപ്പണ തീയതി കഴിഞ്ഞ് രണ്ടുദിവസത്തിനുള്ളിൽ സൂക്ഷ്മ പരിശോധന നടത്തി സ്ഥാനാർത്ഥികളുടെ ലിസ്റ്റ് പബ്ലിഷ് ചെയ്യേണ്ടതാണ്. തെരഞ്ഞെടുപ്പ് ആവശ്യമെങ്കിൽ വാർഷിക പൊതുയോഗത്തിന് 10 ദിവസം മുമ്പ് സജീവ് അംഗങ്ങളെ ഔദ്യോഗികമായി അറിയിക്കേണ്ടതാണ്.

**14.2)** വരണാധികാരിയെ പ്രഖ്യാപിച്ച് 20 ദിവസത്തിനുള്ളിൽ തന്നെ ട്രഷറർ/ജോയിന്റ് ട്രഷറർ സജീവ് അംഗങ്ങളുടെ ഫൈനൽ വോട്ടേഴ്സ് ലിസ്റ്റ് പ്രസിഡന്റ് സെക്രട്ടറി എന്നിവരുടെ അനുവാദത്തോടെ വരണാധികാരിക്ക് കൈമാറേണ്ടതാണ്. ഇതിനുശേഷം വോട്ടേഴ്സ് ലിസ്റ്റിൽ ആരെയും ചേർക്കുവാൻ സാധിക്കത്തില്ല. ഒരാൾക്ക് ഒരു ഒരു വോട്ട് അവകാശം മാത്രമേ ഉണ്ടാകത്തുള്ളൂ (വേറെയാൾക്ക് പകരം വോട്ട് ചെയ്യാൻ സാധിക്കത്തില്ല).

**14.3)** മേൽപ്പറഞ്ഞ ഏതെങ്കിലും സ്ഥാനത്തേക്ക് ഒരു നോമിനേഷൻ പോലും ലഭിക്കാതെ വന്നാൽ തിരഞ്ഞെടുപ്പ് ദിവസം പരസ്യ വോട്ടെടുപ്പിലൂടെ പ്രസ്തുത ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്.

**14.4)** നിലവിലെ പ്രസിഡന്റ് സെക്രട്ടറി ട്രഷറർ എന്നിവരിൽ ആരെങ്കിലും ഭരണകാലാവതിയുടെ പകുതിക്ക് മുമ്പ് സ്ഥാനം ഒഴിഞ്ഞാൽ ആർട്ടിക്കിൾ 11 പ്രകാരം പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്. ഭരണ കാലാവധിയുടെ പകുതിക്ക് ശേഷമാണെങ്കിൽ വൈസ്പ്രസിഡന്റ്, ജോയിൻ സെക്രട്ടറി, ജോയിൻ ട്രഷാറാർ എന്നിവർ യഥാക്രമം ആ സ്ഥാനങ്ങൾ ഏറ്റെടുത്ത് ഭരണം മുന്നോട്ടു കൊണ്ടുപോകേണ്ടതാണ്.

**14.5)** അംഗ രാജ്യങ്ങളിലെ / സംസ്ഥാനങ്ങളിലെ പ്രതിനിധികൾ സ്ഥാനമൊഴിഞ്ഞാൽ ഒരു ഒരു മാസത്തിനുള്ളിൽ അതാത് രാജ്യത്തുനിന്നും പുതിയ ഭാരവാഹിയെ കണ്ടെത്തേണ്ടതാണ്.

**14.6) തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടങ്ങൾ:** അതാതു വർഷത്തെ തെരഞ്ഞെടുപ്പ് സമിതി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും പെരുമാറ്റ ചട്ടങ്ങളും സ്ഥാനാർത്ഥികളും സംഘടനയുടെ എല്ലാ അംഗങ്ങളും പാലിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് സമിതിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

**15) സോഷ്യൽ മീഡിയയും ഉപയോഗവും**

ലോകത്തിന്റെ പല രാജ്യങ്ങളിലായി വിഭജിച്ചു താമസിക്കുന്ന അംഗങ്ങളുള്ള പയ്യാവൂർ പ്രവാസി കൂട്ടായ്മയുടെ പ്രവർത്തനങ്ങളിൽ സോഷ്യൽ മീഡിയ/ ഡിജിറ്റൽ പ്ലാറ്റ്ഫോംസ് ഒരു അത്യന്താപേക്ഷിത ഘടകമാണ്. പി.പി.കെ. ഗ്ലോബലിന്റെ ജനറൽബോഡി മീറ്റിംഗ് ഭരണസമിതി യോഗങ്ങൾ, എക്സിക്യൂട്ടീവ് യോഗങ്ങൾ, അംഗരാജ്യ/

# നിയമാവലി

സംസ്ഥാന മെമ്പേഴ്സിന്റെ യോഗങ്ങളെല്ലാം ആവശ്യമനുസരിച്ച് ഡിജിറ്റൽ പ്ലാറ്റ്ഫോം/ സോഷ്യൽ മീഡിയയിലൂടെ നടത്താവുന്നതാണ്. സംഘടനയുടെ വിവരങ്ങൾ വളരെ വേഗം അംഗങ്ങളിൽ എത്തിക്കുന്നതിനും സംഘടനയുടെ ലക്ഷ്യങ്ങൾ മുൻനിർത്തിയ ചർച്ചകൾക്കും മറ്റും അനുബന്ധന പ്രവർത്തനങ്ങൾക്കുമായി വാട്സ്ആപ്പ് പോലെയുള്ള നവമാധ്യമങ്ങളും zoom മീറ്റിംഗ് പോലുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും ഉപയോഗിക്കാവുന്നതാണ്.

15.1) നവമാധ്യമങ്ങളുടെ/ഡിജിറ്റൽ പ്ലാറ്റ്ഫോമൻസിന്റെ നടത്തിപ്പും നിയന്ത്രണവും പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ജോയിൻ സെക്രട്ടറി, ജഞ്ചഌ എന്നിവരുടെ നേതൃത്വത്തിൽ ആയിരിക്കും.

15.2) പി പി കെ ഗ്ലോബൽ ഒഫീഷ്യൽ വാട്സ്ആപ്പ് ഗ്രൂപ്പിന്റെ അഡ്മിന്മാർ അതാത് ഭരണസമിതിയിലെ പ്രസിഡണ്ട് ജനറൽ സെക്രട്ടറി ജോയിൻ സെക്രട്ടറി എന്നിവർ ആയിരിക്കും.

15.2) പി പി കെ ഗ്ലോബൽ ഒഫീഷ്യലിന്റെ മറ്റ് എല്ലാ നവമാധ്യമ ഗ്രൂപ്പുകളിലും അതാത് ഭരണസമിതിയിലെ പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ, പി.ആർ.ഒ. എന്നിവരെ ചേർക്കേണ്ടതാണ്.

15.3) അംഗരാജ്യങ്ങളിലെ നവമാധ്യമ ഗ്രൂപ്പുകളുടെ നിയന്ത്രണം അതാത് സംസ്ഥാന / രാജ്യത്തെ പ്രതിനിധികൾ അതാത് രാജ്യത്തിന്റെ നിയമങ്ങൾ അനുസരിച്ച് നിർവഹിക്കേണ്ടതാണ്.

15.4) സോഷ്യൽ മീഡിയ ഉപയോഗിക്കുന്നവർ തങ്ങളുടെ പോസ്റ്റുകൾ അതാത് രാജ്യത്തെ നിയമങ്ങൾ പൂർണമായും ഉൾക്കൊണ്ടുകൊണ്ട് ആണെന്നുള്ളത് ഉറപ്പുവരുത്തേണ്ടതാണ്.

15.5) സംഘടനയെയും വ്യക്തികളെയും അധിക്ഷേപിക്കുന്ന പോസ്റ്റുകൾ പാടുള്ളതല്ല.

15.6) പ്രകോപനമായതും, ജാതിമത, സമുദായിക, രാഷ്ട്രീയപരവുമായ പോസ്റ്റുകളോ ചർച്ചകളോ പാടുള്ളതല്ല.

15.7) അംഗങ്ങളിൽ ആരെങ്കിലും തങ്ങളുടെ വാട്സ്ആപ്പ് നമ്പർ മാറ്റുകയാണെങ്കിൽ അക്കാര്യം അഡ്മിനെ ഉടനെ അറിയിക്കേണ്ടതാണ്.

15.8) അംഗങ്ങളിൽ ആരെങ്കിലും മേൽപ്പറഞ്ഞ കാര്യങ്ങൾ പാലിക്കാതിരുന്നാൽ പ്രസ്തുത വ്യക്തിയെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിന്റെ അംഗീകാരത്തോടെ ഉടനടി ഗ്രൂപ്പിൽ നിന്നും റിമൂവ് ചെയ്യാനുള്ള അധികാരം അഡ്മിന് ഉണ്ടായിരിക്കും.

15.9) അത്യാവശ്യഘട്ടങ്ങളിലും ഔദ്യോഗിക അറിയിപ്പുകൾ ഉള്ളപ്പോഴും 24 മണിക്കൂർ സോഷ്യൽ മീഡിയയിൽ പോസ്റ്റുകൾ ഇടുവാനുള്ള ഓപ്ഷൻ അഡ്മിന് മാത്രമായി റീ സെറ്റ് ചെയ്യാവുന്നതാണ് അത്തരം സാഹചര്യങ്ങളിൽ അത്യാവശ്യമായി ഗ്രൂപ്പിൽ പോസ്റ്റുകൾ ചെയ്യണമെങ്കിൽ അഡ്മിനുമായി ബന്ധപ്പെടാവുന്നതാണ്.

**16) പോഷക സംഘടനകൾ:**

16.1) പയ്യാവൂർ പ്രവാസി കൂട്ടായ്മയുടെ സുഗമമായി നടത്തിപ്പിനും, പ്രവർത്തനങ്ങൾ മറ്റുള്ളവരിൽ എത്തിക്കുന്നതിനുമായും പയ്യാവൂർ സോഷ്യൽ ക്ലബ് പോലുള്ള പോഷക സംഘടനകൾ രൂപീകരിക്കാവുന്നതാണ്.

16.2) പയ്യാവൂർ പ്രവാസി കൂട്ടായ്മയുടെ കീഴിലുള്ള പോഷക സംഘടനകളുടെ പരമാധികാരം പയ്യാവൂർ പ്രവാസി കൂട്ടായ്മയ്ക്ക് ആയിരിക്കും.

16.3) പോഷക സംഘടനകളുടെ എല്ലാ യോഗങ്ങളിലും പി പി കെ ഗ്ലോബലിന്റെ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുക്കേണ്ടതാണ്.

# നിയമാവലി

16.4) പോഷകസംഘടനയിൽ പ്രശ്നപരിഹാരങ്ങൾ കാണാൻ സാധിക്കാതെ വന്നാൽ പയ്യാവൂർ പ്രവാസി കൂട്ടായ്മയുടെ ഭരണസമിതിയെ അറിയിക്കേണ്ടതാണ്.

16.5) പി.പി.കെ. ഗ്ലോബൽ ഭരണസമിതിക്കും ഉചിതമായ തീരുമാനം കൈക്കൊള്ളാൻ സാധിക്കാതെ വന്നാൽ അടുത്ത പൊതുയോഗത്തിൽ അവതരിപ്പിച്ച ഉചിതമായ തീരുമാനം എടുക്കേണ്ടതാണ്.

16.6) ഇത്തരം പോഷക സംഘടനകളുടെ സുഗമമായ നടത്തിപ്പിന്, പ്രാദേശികമായി ഒരു ബായ്ലോ ഉണ്ടാക്കാവുന്നതാണ്, അതിന്റെ പൂർണ്ണ ഉത്തരവാദിത്വം പയ്യാവൂർ പ്രവാസി കൂട്ടായ്മയുടെ മെയിൻ ബൈലോയുടെ അടിസ്ഥാനത്തിൽ ആയിരിക്കും.

**17) അച്ചടക്ക നടപടി:**

സംഘടനയിൽ വിഭാഗീയ പ്രവർത്തനങ്ങൾ നടത്തുക സംഘടനയ്ക്ക് വിരുദ്ധമായ പ്രചാരണങ്ങൾ നടത്തുക, സംഘടനയും സംഘടനയുടെ പോഷക സംഘടനകളും നടത്തുന്ന പരിപാടികളിൽ സംഘടനയ്ക്ക് അപമാനകരമായ പ്രവർത്തനങ്ങൾ നടത്തുക, സോഷ്യൽ മീഡിയ ദുരുപയോഗം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ തെളിയിക്കപ്പെട്ടാൽ ഭരണസമിതിക്ക് ആ വ്യക്തി/ വ്യക്തികൾക്കെതിരെ അനുയോജ്യമായ അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്നതും ആവശ്യമെങ്കിൽ സംഘടനാ അംഗത്വം തന്നെ താൽക്കാലികമായി മരവിപ്പിക്കാവുന്നതാണ്. ഭരണസമിതിയിൽ അംഗമായ വ്യക്തി തുടർച്ചയായി നാലു പ്രാവശ്യം കാരണം കാണിക്കാതെ ഭരണസമിതി യോഗത്തിൽ പങ്കെടുക്കാതിരിക്കുക ഉത്തരവാദിത്വങ്ങൾ നിർവഹിക്കാതിരിക്കുക, സാമ്പത്തിക ക്രമക്കേടുകൾ കാണിക്കുക സംഘടനയുടെ ലക്ഷ്യങ്ങൾക്കെതിരായി പ്രവർത്തിക്കുക എന്നീ കാര്യങ്ങൾ തെളിയിക്കപ്പെട്ടാൽ എക്സിക്യൂട്ടീവ് സമിതിക്ക് അവർക്കെതിരെ ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്നതാണ്.

**18) നിയമാവലി ഭേദഗതികൾ :**

ഈ നിയമാവലിയിലെ നിർവചനങ്ങളിലെ ചട്ടങ്ങളിലോ പെടാത്ത ഒരു പ്രശ്നം ഉയർന്നുവരുന്ന സാഹചര്യത്തിൽ അതിൽ ഇടപെട്ട് തീർപ്പ് കൽപ്പിക്കാൻ എക്സിക്യൂട്ടീവ് സമിതിക്ക് അധികാരം ഉണ്ടായിരിക്കും. അത്തരം തീർപ്പുകൾ ഭരണസമിതിയെ അറിയിക്കുകയും അവരുടെ അംഗീകാരത്തോടെ നിയമാവലി ഭേദഗതിയായി കൊണ്ടുവന്ന് ജനറൽബോഡിയുടെ ഭൂരിപക്ഷ അംഗീകാരത്തിന് വിധേയമായി നിയമാവലിയിൽ കൂട്ടിച്ചേർക്കാവുന്നതാണ്. ഭരണഘടന ഭേദഗതി ആവശ്യമായ വരുന്നഘട്ടത്തിൽ നിലവിലെ ഭരണസമിതിയിൽ നിന്നും നോമിനേറ്റ് ചെയ്യുന്ന അംഗങ്ങൾക്ക് തുല്യമായി ഭരണസമിതിയിൽ ഇല്ലാത്ത സജീവ അംഗങ്ങളെ കൂടി ഉൾപ്പെടുത്തി പുതിയ ബൈലോ കമ്മിറ്റി രൂപം കൊടുക്കേണ്ടതും അങ്ങനെ പുതുക്കുന്ന ബൈലോ ജനറൽബോഡിയുടെ ഭൂരിപക്ഷ അംഗീകാരത്തോടെ പ്രാബല്യത്തിൽ വരുത്താവുന്നതുമാണ്.

**19) സംഘടന മരവിപ്പിക്കൽ**

പി.പി.കെ. ഗ്ലോബൽ എക്കാലവും നിലനിൽക്കണമെന്നും, ഇതിലെ അംഗങ്ങൾക്കും പയ്യാവൂർ നാടിനും അവിടുത്തെ ജനങ്ങൾക്കും വേണ്ടി നല്ല പ്രവർത്തനങ്ങൾ കാഴ്ചവെക്കണമെന്നും ആണ് എല്ലാവരുടെയും ആഗ്രഹം. ഏതെങ്കിലും നിർഭാഗ്യകരമായ സാഹചര്യത്തിൽ സംഘടനയുടെ ഭരണസമിതി ദുർബലമാവുകയും സംഘടന പിരിച്ചുവിടണമെന്ന് 75% അംഗങ്ങളും രേഖാമൂലം ആവശ്യപ്പെടുകയും ചെയ്താൽ പൊതുയോഗം കൂടി കാര്യങ്ങൾ തീരുമാനിക്കേണ്ടതാണ്. സംഘടനാ പിരിച്ചുവിടേണ്ടതായിട്ടുള്ള തീരുമാനം എടുക്കേണ്ടി വന്നാൽ സംഘടനയുടെ പൊതുവായിട്ടുള്ള എല്ലാ ആസ്തിയും കരുതൽ ധനവും കേരള സർക്കാരിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി കൈമാറേണ്ടതാണ്.